

# ചെന്ത്രാപ്പിന്നി ഈസ്റ്റ് സെന്റ് ആന്റണീസ് ഇടവക

പിതാക്കന്മാർ പകർന്നുതന്ന ആത്മീയ ചൈതന്യത്തിന്റെയും അനുഗ്രഹത്തിന്റെയും പരസ്പരസ്നേഹത്തിന്റെയും ഉത്തമ പ്രതീകമായി ഹിന്ദു-മുസ്ലീം-ക്രൈസ്തവ സഹോദരങ്ങൾ തിങ്ങിപ്പാർക്കുന്ന ഈസ്റ്റ് ചെന്ത്രാപ്പിന്നിദേശത്ത് മതസൗഹാർദ്ദത്തിന്റെ ഒരു വലിയ അടയാളമായി വി. അന്തോണീസിന്റെ ദേവാലയം നിലകൊള്ളുന്നു.

## കുരിശുപള്ളി

1890-ൽ അഡോൾഫ് മെഡ്ലിക്കോട്ട് തൃശ്ശൂർ വികാരി അപ്പസ്തോലിക്കയായിരുന്ന കാലം. ദൈവഭക്തനായ ഐനിക്കൽ ചക്കമ്പത്ത് ലോനപ്പന്റെ നേതൃത്വത്തിൽ ഒരു കുരിശുപള്ളിയ്ക്കായി നിവേദനങ്ങൾ നല്കിയെങ്കിലും 1895-ലാണ് ഈ ആവശ്യം പരിഗണിക്കപ്പെട്ടത്. താടിക്കാരൻ അന്തോണി എന്ന വ്യക്തി ദാനമായി നല്കിയ 30 സെന്റ് സ്ഥലത്തായിരുന്നു കുരിശുപള്ളിയുടെ നിർമ്മാണം. എടത്തിരുത്തി പള്ളിയിൽനിന്നുള്ള ബഹു. വൈദികരാണ് ഇവിടെ തിരുക്കർമ്മങ്ങൾ നടത്തിയിരുന്നത്. ഇതിനുമുമ്പ് ദൂരങ്ങൾ താണ്ടി എടത്തിരുത്തി ഇടവക പള്ളിയിലാണ് വി. കുർബാനയ്ക്കും മറ്റു തിരുക്കർമ്മങ്ങൾക്കുമായി പോയിരുന്നത്.

## ഇടവക പ്രഖ്യാപനം

50 വർഷങ്ങൾക്കുശേഷം 1945-ൽ അഭിവന്ദ്യ ജോർജ്ജ് ആലപ്പാട്ട് തൃശ്ശൂർ മെത്രാനായിരുന്നപ്പോൾ ഈ കുരിശുപള്ളി വിശുദ്ധ അന്തോണീസിന്റെ നാമധേയത്തിലുള്ള ഇടവകയായി ഉയർത്തപ്പെട്ടു. ഇതോടൊപ്പം സിമിത്തേരിയ്ക്കുള്ള അനുവാദം കിട്ടുകയും പണിയുകയും ചെയ്തു. ആകെ 28 വീട്ടുകാരാണ് ആദ്യം ഇടവകയിൽ ഉണ്ടായിരുന്നത്. എടത്തിരുത്തി പള്ളിയിൽനിന്നും കാട്ടൂർ പള്ളിയിൽ നിന്നുമുള്ള വൈദികരാണ് ആഴ്ചയിലൊരിക്കൽ ഇവിടെ ദിവ്യബലി അർപ്പിച്ചിരുന്നത്.

## പുതിയ പള്ളി

പിന്നീട് വളരെക്കാലം കയ്പമംഗലം പള്ളിയുടെ കീഴിലുള്ള നടത്തുപള്ളിയായിരുന്നു ഈ ദേവാലയം. 1984-ൽ റവ. ഫാ. ജോസ് പന്തല്ലൂക്കാരൻ വികാരിയായിരുന്നപ്പോൾ യോഗനിശ്ചയപ്രകാരം ഈ ദേവാലയം പുതുക്കിപ്പണിയുകയും 1985 മെയ് 18-ാം തിയ്യതി ഇന്ന് കാണുന്ന ദേവാലയത്തിന്റെ കൂദാശാകർമ്മം അഭിവന്ദ്യ മാർ ജെയിംസ് പഴയാറ്റിൽ നിർവ്വഹിക്കുകയും ചെയ്തു.

## കപ്പേളകൾ

ചാലിശ്ശേരി റപ്പായി റോസിയാണ് സെന്റ് ആന്റണീസ് കപ്പേള നിർമ്മാണത്തിനായി സ്ഥലം ദാനം ചെയ്തത്. ബഹു. ജോൺ തെക്കേത്ത ലയച്ചൻ നേതൃത്വം കൊടുത്താണ് കപ്പേള പണി ആരംഭിച്ചതെങ്കിലും 1999 മുതൽ ഈ ദേവാലയം കയ്പമംഗലം പള്ളിയിൽനിന്നും മാറി പെരുമ്പടപ്പ് പള്ളി വികാരിയുടെ കീഴിലായി. അന്നത്തെ വികാരിയായിരുന്ന റവ. ഫാ. ആന്റോ പാറാശ്ശേരിയുടെ നേതൃത്വത്തിൽ കപ്പേളയുടെ പണി പൂർത്തീകരിക്കുകയും 1999 മേയ് 21-ന് അഭിവന്ദ്യപിതാവിന്റെ കാർമ്മികത്വത്തിൽ വെഞ്ചിരിപ്പുകർമ്മം നടത്തുകയും ചെയ്തു.

പുളിക്കൻ ഇട്ടിച്ചൻ ഡെയ്സൻ പണിതീർത്തു കൊടുത്ത സെന്റ് മേരീസ് കപ്പേളയുടെ ആശീർവാദകർമ്മം 2008 മെയ് 31-ന് മാർ ജെയിംസ് പഴയാറ്റിൽ പിതാവ് നടത്തി.

## കുടുംബസമ്മേളനം

പിന്നീട് റവ. ഫാ. ആന്റോ കരിപ്പായി ഇടവകയെ കുടുംബയൂണിറ്റുകൾ ആയി തിരിച്ച് ഇടവക പ്രവർത്തനങ്ങൾ നടത്തുവാൻ സഹായിച്ചു.

2003 മുതൽ 2006 വരെ റവ. ഫാ. വിൽസൻ എലുവത്തിങ്കൽ കൂനൻ വികാരിയായിരുന്നപ്പോഴാണ് പാദുവായിൽ നിന്ന് കൊണ്ടുവന്ന വി. അന്തോണീസിന്റെ തിരുശേഷിപ്പ് ഇടവകയിൽ പ്രതിഷ്ഠിച്ചത്. 2004 മുതൽ വി. അന്തോണീസിന്റെ തിരുനാൾ ഊട്ടുതിരുനാളായി കൊണ്ടാടുന്നു.

## മതബോധനഹാൾ

മതബോധനഹാളിനും സിമിത്തേരിയുടെ നവീകരണത്തിനും ബഹു. വിത്സൻ ഏലുവത്തിങ്കൽ കൂനൻ അച്ചൻ തുടക്കം കുറിക്കുകയും, ബഹു ബെന്നി ചെറുവത്തൂരച്ചന്റെ നേതൃത്വത്തിൽ പൂർത്തിയാക്കുകയും ചെയ്തു. കൂടാതെ, പഴയ അൾത്താര പൊളിച്ച് മനോഹരമായ അൾത്താരയ്ക്ക് രൂപംനല്കി. ആശീർവാദകർമ്മം അഭിവന്ദ്യ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ 2007 ജനുവരി 28-ന് നടന്നു.



മതബോധന ഹാൾ



സെന്റ് ആന്റണീസ് കപ്പേള



സെന്റ് മേരീസ് കപ്പേള